# Malayala Manorama
# 24 August 2018
# Flood Relief Mission

പിലായിരുന്നതിനാൽ അപകടം സന്ദർശിച്ചു. ന്നതിനിടെയുണ്ടായ അനുഭവം വിദഗ്ധൻ വിൽഫ്രഡ് മാനുവലും ഖാൻ പ്രസംഗിച്ചു. മെൻഡസ് എന്നിവർ പ്രസംഗിച്ചു.



പ്രളയ ബാധിത മേഖലയിൽ നിന്ന് 110 പേരെ രക്ഷിച്ച അരൂരിലെ സമുദ്രാ ഷിപ്‌യാർഡ് ടീം.

## രക്ഷാപ്രവർത്തനത്തിൽ മാതൃകയായി സമുദ്രാ ഷിപ്‌യാർഡ്

അരൂർ • പ്രളയ ജലത്തിൽ രക്ഷാ പ്രവർത്തനം നടത്തിയ അരൂരിലെ ബോട്ട് നിർമാണ കമ്പനിയായ സമുദ്രാ ഷിപ്‌യാർഡിലെ ഒൻപതംഗ സംഘം വിലപ്പെട്ട 110 മനുഷ്യജീവനുകളാണു രക്ഷിച്ചത്. നാലു ദിവസം തുടർച്ചയായി എറണാകുളം ജില്ലയിലെ ഗോതുരുത്ത്, മാഞ്ഞാലി, ആലുവ എന്നീ പ്രദേശങ്ങളിൽ അവർ രക്ഷാ പ്രവർത്തനം നടത്തി.

അൻപതു പേർ കയറുന്ന ഒരു ബോട്ടും, പത്തു പേർ കയറുന്ന മറ്റൊരു ബോട്ടും, രക്ഷാ ഉപകരണങ്ങളുമായിട്ടാണ് ഒൻപതംഗ

ഷിപ്‌യാർഡ് ചെയർമാൻ എസ്. ജീവൻ, മാനേജിങ് ഡയറക്ടർ എസ്. അരുൺ എന്നിവരും കമ്പനിയിലെ ഏഴ് ജീവനക്കാരുമാണ് നാലു ദിവസം തുടർച്ചയായി രാപകലന്യേ ഊണും ഉറക്കവും ഉപേക്ഷിച്ച് മനുഷ്യജീവനുകളെ രക്ഷപ്പെടുത്തിയത്. മാഞ്ഞാലി ശ്രീനാരായണ മെഡിക്കൽ കോളജിലെ തീവ്രപരിചരണ വിഭാഗത്തിൽ കഴിഞ്ഞിരുന്ന ഇരുപതു രോഗികളെ ഈ സംഘമാണ് രക്ഷിച്ചത്.

തീവ്രപരിചരണ വിഭാഗത്തിലും വെള്ളം കയറിയിരുന്നു. മറ്റു രക്ഷാപ്രവർത്തകർക്കു കടന്നു ചെല്ലാൻ

ണു തൊണ്ണൂറു പേരെ ഇവർ രക്ഷപ്പെടുത്തിയത്. നീന്തൽ അറിയാവുന്നവരായിരുന്നു സംഘത്തിലെ ഏഴ് പേർ.

ഒട്ടുമിക്ക വീടുകളുടെയും രണ്ടാം നിലയിൽനിന്നാണ് തോളത്തിരുത്തിയും കസേരയിലിരുത്തി ചുമന്നും ബോട്ടിൽ എത്തിച്ച് മുനമ്പം ഫിഷിങ് ഹാർബറിനു സമീപമുള്ള ദുരിതാശ്വാസ ക്യാംപിൽ എത്തിച്ചത്. രക്ഷാപ്രവർത്തനത്തിനു പോകുകയാണെന്ന വിവരം സംഘാംഗങ്ങൾ എറണാകുളം പൊലീസ് കൺട്രോൾ റൂമിൽ അറിയിച്ച് ഫോൺ നമ്പരുകളും നൽകിയിരു

## ദുരിതാശ്വാസവുമായി പഞ്ചായത്തുകൾ

അരൂർ • ദുരിതബാധിതരെ സഹായിക്കാനായി പട്ടണക്കാട് ബ്ലോക്കിന്റെ കീഴിലുള്ള ഏഴു പഞ്ചായത്തുകൾ അരക്കോടി രൂപയുടെ ഭക്ഷ്യസാധനങ്ങളും വസ്ത്രങ്ങളും ക്ലീനിങ് ഉപകരണങ്ങളും ജില്ലാ ഭരണകൂടത്തിനു കൈമാറി. അരൂർ, എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട് ഉൾപ്പെടെ ഏഴു ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, വ്യവസായികൾ എന്നിവരിൽ നിന്നാണ് ആവശ്യ വസ്തുക്കൾ ലഭിച്ചത്.

കുട്ടനാട്, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ ക്യാംപുകളിലാണു ഭക്ഷ്യസാധനങ്ങളും മറ്റും വിതരണം ചെയ്യുന്നത്. ദുരിതാശ്വാസ ക്യാംപുകളിൽ സാധനലഭ്യത സംബന്ധിച്ചു ചില പരാതികൾ ഉയർന്ന സാഹചര്യത്തിലാണു പഞ്ചായത്തുകൾ വഴി സാധനങ്ങൾ സംഭരിച്ചത്. ജില്ലാ കല്കടറുടെ നിർദേശ പ്രകാരം ഇവയെല്ലാം ആലപ്പുഴ എസ്ഡി കോളജിൽ എത്തിക്കുകയായിരുന്നു.

ഓരോ ക്യാംപിലേയ്ക്കും വേണ്ട സാധനങ്ങൾ ചുമതലയുള്ള ഉദ്യോഗസ്ഥനൊ ജനപ്രതിനിധികളൊ ആവശ്യപ്പെട്ടാൽ അതത് വില്ലേജ് ഓഫിസറുടെ സാന്നിധ്യത്തിൽ സാധനങ്ങൾ കൈപ്പറ്റാം. പട്ടണക്കാട് ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകൾ സമാഹരിച്ച സാധനങ്ങൾ തുറവൂർ കവലയിൽ കൊണ്ടുവന്നശേഷം ഏഴു വാഹനങ്ങൾ സാധന സാമിഗ്രകളുമായി ഒന്നിച്ച് ആലപ്പുഴയിലേയ്ക്കു നീങ്ങുകയായിരുന്നു.

എ.എം. ആരിഫ് എംഎൽഎ ഫ്ലാഗ് ഓഫ് ചെയ്തു. പഞ്ചായത്ത് പ്രസിഡന്റുമാരും അംഗങ്ങളും ഇതോടൊപ്പം മറ്റു വാഹനങ്ങളിൽ സഞ്ചരിച്ചു.



എഴുപുന്ന പഞ്ചായത്ത് സമാഹരിച്ച ഭക്ഷ്യസാധനങ്ങളും വസ്ത്രവും ആലപ്പുഴ കലക്ടറേറ്റിലേക്കു കൊണ്ടുപോകാനായി വാഹനത്തിൽ കയറ്റിയപ്പോൾ പ്രസിഡന്റ് എസ്.ടി. ശ്യാമളകുമാരി, വൈസ് പ്ര